**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2166** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത പഠനത്തിനായി സ്റ്റുഡന്റ് വിസയിൽ പോയവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2021 ജനുവരി മുതൽ നാളിതുവരെ ഉന്നത പഠനത്തിനായി സംസ്ഥാനത്ത് നിന്നും എത്രപേർ സ്റ്റുഡന്റ് വിസയിൽ പോയിട്ടുണ്ടെന്ന വിശദാംശം അറിയിക്കാമോ; | (എ) | ഉന്നതപഠനത്തിനായി സംസ്ഥാനത്ത് നിന്നും സ്റ്റുഡന്റ് വിസയിൽ പോകുന്നവരുടെ വിവരം ശേഖരിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ യുവജനങ്ങളും വിദ്യാർത്ഥികളും വിദേശരാജ്യങ്ങളിലേക്ക് കുടിയേറി പാർക്കുന്നതിനുള്ള അദമ്യമായ ആഗ്രഹം ഭാവിയിൽ നാടിനെ എപ്രകാരം ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവരെ സ്വന്തം നാട്ടിൽ തന്നെ നിലനിർത്തുന്നതിന് പ്രചോദിപ്പിക്കുമാറ് ദീർഘകാല അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | 2019-2020 ലെ അഖിലേന്ത്യ ഉന്നത വിദ്യാഭ്യാസ സർവ്വേ (AISHE) പ്രകാരം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ (GER) 38.8 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ (27.1 %) കൂടുതലാണ്. അഖിലേന്ത്യ ഉന്നത വിദ്യാഭ്യാസ സർവ്വേ (2019-2020) പ്രകാരം 16 സർവ്വകലാശാലകളിലും 1417 കോളേജുകളിലുമായി 11.37 ലക്ഷത്തോളം വിദ്യാർത്ഥികൾ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>വിദ്യാർത്ഥികളെ സ്വന്തം നാട്ടിൽ തന്നെ നിലനിർത്തുന്നതിന് പ്രചോദിപ്പിക്കുമാറ് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കുന്ന വിധത്തിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **കരിക്കുലം പരിഷ്കാരം:-** 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് |

| | | | |
|---|---|---|---|
| | | | രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്).<br>2. **പുതുതലമുറ കോഴ്സുകൾ:** സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.<br>3. വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി.<br>4. Rebuild Kerala വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തി. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ നൽകി കഴിഞ്ഞു.<br>5. **മികവിന്റെ കേന്ദ്രങ്ങൾ (സെന്റേഴ്സ് ഓഫ് എക്സലൻസ്):** നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും. സംസ്ഥാനത്ത് ഇത്തരം 6 സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ